(ബി) മൈനർ ഇറിഗേഷൻ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് എത്ര വി.സി.ബി. കം-ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര വി.സി.ബി. കം-ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ സ്റ്റീയറിംഗ് കമ്മിറ്റി അംഗീകരിച്ച പദ്ധതികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ജലസേചനത്തിനുവേണ്ടി തോടുകളുടെ സംരക്ഷണം, ലിഫ്റ്റ് ഇറിഗേഷൻ പണികൾ, ക്രോസ് ബാർ നിർമ്മാണം, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ പുനഃരുദ്ധാരണ പണികൾ എന്നിവ ഏറ്റെടുത്ത് നടത്തിവരുന്നു. ഇതിനു പുറമെ ജനകീയാസൂത്രണം വഴിയും എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും പശ്ചിമഘട്ട വികസന പദ്ധതികൾ വഴിയും പണികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) മൈനർ ഇറിഗേഷൻ ഫണ്ട് ഉപയോഗിച്ച് (നബാർഡ് ഒഴികെ) സംസ്ഥാനത്ത് കണ്ണൂർ ജില്ലയിൽ 10-ഉം, കാസർഗോഡ് ജില്ലയിൽ 13-ഉം വി.സി.ബി. കം-ബ്രിഡ്ജുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

(സി) 10 (പത്ത്) വി.സി.ബി. കം-ബ്രിഡ്ജുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ സ്റ്റീയറിംഗ് കമ്മിറ്റി അംഗീകരിച്ച പദ്ധതികൾ ഒന്നും മൈനർ ഇറിഗേഷൻ വകുപ്പിന്റെ പരിധിയിൽ പെടുന്നതല്ല.

ആറാട്ടുകടവ്, ചങ്ങലീരിക്കടവ് തടയണകളുടെ നിർമ്മാണം

43 [1729] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ആറാട്ടുകടവ്, ചങ്ങലീരിക്കടവ് എന്നീ തടയണകളുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ആറാട്ടുകടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് 57 ലക്ഷം രൂപയുടെയും ചങ്ങലീരിക്കടവിൽ ചെക്ക് ഡാം നിർമ്മിക്കുവാനായി 48.50 ലക്ഷം രൂപയുടെയും ഭരണാനുമതിക്കുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

ജലവിഭവ വകുപ്പിൽ ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ ഒഴിവുകൾ

44 [1730] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ എത്ര ഒഴിവുകൾ ആണുള്ളത് എന്ന് പറയാമോ;

(ബി) ഈ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;

(സി) എങ്കിൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന് കാലതാമസം എന്ത് കൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി പ്രസ്തുത ഒഴിവുകൾ നികത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ ഇല്ല.

(ബി ആന്റ് സി) നിലവിൽ ഇല്ല. (പി. എസ്. സി. തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.)

(ഡി) ബാധകമല്ല.

റിട്ട് പെറ്റീഷനിലെ ഉറപ്പിന് വിരുദ്ധമായ പ്രമോഷൻ നടപടി

45 [1731] ശ്രീ. സി. മമ്മൂട്ടി:
" സി. ടി അഹമ്മദ് അലി:
" കെ. എൻ. എ. ഖാദർ:
" കെ. കുട്ടി അഹമ്മദ് കുട്ടി:
" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-10-2003-ൽ ഡബ്ല്യു.പി. (സി) 30699/2003(ഡി) നമ്പർ റിട്ട് പെറ്റീഷനിലെ ഉറപ്പിന് വിരുദ്ധമായി ജല അതോറിറ്റി ആർക്കെങ്കിലും പ്രമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പ്രമോഷൻ നൽകി എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly